## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2492**      **12/02/2020-ൽ മറുപടിയ്ക്ക്**

## സർഫാസി ആക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സർഫാസി ആക്ടിന്റെ പരിധിയിൽ സംസ്ഥാനത്തെ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് സഹകരണ വകുപ്പിനു കീഴിൽ, RBI ലൈസൻസോട്ടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളാണ് നിലവിൽ സർഫാസി ആക്ടിന്റെ പരിധിയിൽ വരുന്നത്. |
| (ബി) | സംസ്ഥാനത്തെ സഹകരണ മേഖല സർഫാസി ആക്ടിന്റെ പരിധിയിൽ വരുമോ; വ്യക്തമാക്കാമോ; | | |
| (സി) | സഹകരണ മേഖലയെ സർഫാസി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | സർഫാസി നിയമം ഒരു കേന്ദ്ര നിയമമാണ്. ആയതിനാൽ ടി നിയമത്തിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും വായ്പയ്ക്ക് സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. മേൽപറഞ്ഞ പ്രകാരം സർഫാസി നിയമത്തിൽ ഇളവുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.പി മാരുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു.<br><br>സർഫാസി നിയമപ്രകാരമുള്ള നടപടികൾ മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാ വിശേഷത്തെക്കുറിച്ച് പഠിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ് ശർമ്മ ചെയർമാനായി രൂപീകരിച്ച അഡ്ഹോക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**